**കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - നഴ്സിംഗ് അദ്ധ്യാപക വിഭാഗം - പൊതുസ്ഥലംമാറ്റം 2026 - അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിൽ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-
1. ഈ കാര്യാലയത്തിൽ നിന്നുള്ള 15/03/2026 - ലെ ഇ 1/38/2026/മെ.വി.വ നം. വിജ്ഞാപനം.
2. 01/06/2026 - ലെ സ. ഉ. (സാധാ) നം. 1852/2026/H&FWD
3. നഴ്സിംഗ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ 02/06/2026 - ലെ പൊതുസ്ഥലംമാറ്റ കരട് പട്ടിക.
4. ശ്രീമതി. ഹസീന. ടി. കെ സമർപ്പിച്ച 03/06/2026 - ലെ അപേക്ഷ.
5. നഴ്സിംഗ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ 2026-ലെ പൊതുസ്ഥലംമാറ്റ അന്തിമപട്ടിക.

**ഉത്തരവ് നമ്പർ. ജി 1/3573/2026/മെ.വി.വ. തീയതി: 18-06-2026**

2026 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനായി പരാമര്ശം (1) പ്രകാരം പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ, നഴ്സിംഗ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷകൾ പ്രകാരം, കരട് സ്ഥലംമാറ്റ പട്ടിക പരാമർശം (3) മുഖേന പ്രസിദ്ധീകരിച്ചു.

ടി കരട് പട്ടിക സംബന്ധിച്ച് കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീമതി. ഹസീന. ടി. കെ പരാമർശം (4) മുഖേന അപേക്ഷ സമർപ്പിക്കുകയുണ്ടായി. പരാമർശം (2) സർക്കാർ ഉത്തരവ് മുഖേന കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജിലെ 03 അസിസ്റ്റന്റ് പ്രൊഫസർമാർക്ക് അസ്സോസിയേറ്റ് പ്രൊഫസർമാരായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതിനാൽ, ടി കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ 03 ഒഴിവുകൾ ഉണ്ടാകുന്നുണ്ടെന്നും ആയത് പരിഗണിച്ച് ശ്രീമതി. ഹസീന. ടി. കെ - യെ കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ടിയാളുടെ ഇളയകുട്ടി പ്രൈമറി ക്ലാസ്സിൽ കോഴിക്കോട് വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്നതിനാൽ മേൽ വിവരിച്ച കാര്യങ്ങൾ അനുഭാവപൂർണ്ണമായി പരിഗണിക്കണമെന്നും അപേക്ഷിച്ചിരുന്നു.

ടി സാഹചര്യത്തിൽ, കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീമതി. ഹസീന. ടി. കെ - യെ പൊതുസ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കികൊണ്ടും മഞ്ചേരി സർക്കാർ നഴ്സിംഗ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീമതി. നീതു. കെ - യ്ക്ക്, പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഉണ്ടാകുന്ന തുറന്ന ഒഴിവിൽ സ്ഥലംമാറ്റം അനുവദിച്ചുകൊണ്ടും പരാമർശം (5) പ്രകാരം പൊതുസ്ഥലംമാറ്റത്തിന്റെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നു.

അന്തിമ പട്ടികയുടെ അടിസ്ഥാനത്തിൽ, നഴ്സിംഗ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ 2026 വർഷത്തെ പൊതുസ്ഥലം മാറ്റം ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന കോളേജ് | സ്ഥലംമാറ്റി നിയമിക്കുന്ന കോളേജ് |
|---|---|---|---|
| 1 | **ശ്രീമതി. നീതു. കെ** | സർക്കാര് നഴ്സിംഗ് കോളേജ്, **മഞ്ചേരി** | സർക്കാര് നഴ്സിംഗ് കോളേജ്, **കോഴിക്കോട്** |

ബന്ധപ്പെട്ട നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാർ ശ്രീമതി. നീതു. കെ - യുടെ വിടുതൽ/ പ്രവേശന ഉത്തരവുകൾ സമയബന്ധിതമായി പുറപ്പെടുവിക്കേണ്ടതും ആയത് കൃത്യമായി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Digitally signed by
VISWANATHAN K V
Date: 18-06-2026
05:29:36

Dr Viswanathan K V
DIRECTOR

സ്വീകർത്താവ് :-

1. ശ്രീമതി. നീതു. കെ, അസിസ്റ്റന്റ് പ്രൊഫസർ,
   സർക്കാർ നഴ്സിംഗ് കോളേജ്, മഞ്ചേരി.
2. ശ്രീമതി. ഹസീന. ടി. കെ,
   അസിസ്റ്റന്റ് പ്രൊഫസർ,
   സർക്കാർ നഴ്സിംഗ് കോളേജ്, കോഴിക്കോട്.

പകർപ്പ് :-

1. പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്,
   മഞ്ചേരി/ കോഴിക്കോട്.
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
3. ഓഫീസ് കോപ്പി/ കരുതൽ ഫയൽ